**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4744** **20-07-2022 - ൽ മറുപടിയ്ക്ക്**

**കുണ്ടറ മണ്ഡലത്തിലെ ബജറ്റ് പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ പി സി വിഷ്ണുനാഥ്** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | 2016-2017 സാമ്പത്തിക വർഷം മുതൽ കുണ്ടറ മണ്ഡലത്തിലെ വിവിധ പ്രവൃത്തികൾക്കായി തുക അനുവദിച്ചിട്ട് പൂർത്തീകരിക്കാത്ത പ്രവൃത്തികൾ ഏതൊക്കെയാണെന്നും പ്രസ്തുത പ്രവൃത്തികൾക്ക് അനുവദിച്ച തുക എത്രയാണെന്നും വിശദമാക്കാമോ; | (എ) | പൊതുമരാമത്ത് കെട്ടിട വിഭാഗത്തിനു കീഴിൽ കുണ്ടറ മണ്ഡലത്തിലെ കേരളപുരം ഗവ.എച്ച്.എസ്സിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഒരു കോടി രൂപ 2016-17 ലെ ആസ്തി വികസന പദ്ധതിയിൽ നിന്നും അനുവദിച്ചിരുന്നു. 24/10/2017-ൽ കരാറുകാരനുമായി എഗ്രിമെന്റ് വെച്ചിട്ടുള്ളതുമാണ്. എന്നാൽ വേണ്ടത്ര സ്ഥലം ലഭ്യമാകാത്തതിനാൽ കരാറുകാരനുമായി ക്ലോഷർ എഗ്രിമെന്റ് ചെയ്ത് ടി പ്രവൃത്തി ക്യാൻസൽ ചെയ്യുകയായിരുന്നു.<br><br>2016-17 സാമ്പത്തിക വർഷം കുണ്ടറ മണ്ഡലത്തിലെ താഴെപറയുന്ന കിഫ്‌ബി പ്രവൃത്തികൾക്ക് അനുമതി നൽകിയിട്ടുണ്ട്.<br><br>**1)** കുണ്ടറ-ചിറ്റുമല-ഇടിയക്കടവ്-കരുവർ തുക്കടവ്-മൺട്രോതുരുത്ത് റെയിൽവേ സ്റ്റേഷൻ റോഡ് പ്രവൃത്തിക്ക് 15 കോടിയുടെ ഭരണാനുമതിയും 25.8 കോടി രൂപയുടെ സാമ്പത്തികാനുമതിയും നൽകിയിട്ടുണ്ട്. ടി പദ്ധതി 24/05/2018- ൽ എഗ്രിമെന്റ് വച്ച് സൈറ്റ് ഹാൻഡ് ഓവർ ചെയ്തിട്ടുള്ളതാണ്. സ്ഥലം ലഭ്യമാക്കുന്നതിലെ കാലതാമസവും, കേരള വാട്ടർ അതോറിറ്റിയുടെ (KWA) പൈപ്പ് ലൈൻ സ്ഥാപിക്കലും കാരണം പ്രവർത്തിയിൽ കാലതാമസം നേരിടുകയും പദ്ധതി കാലാവധി നീട്ടി നല്കുകയും ചെയ്തു. എന്നാൽ നീട്ടി നൽകിയ കാലാവധിക്കുള്ളിൽ പദ്ധതി പൂർത്തിയാക്കുന്നതിൽ കരാറുകാരൻ വീഴ്ച വരുത്തിയതിനാൽ 24/05/2022- ൽ പദ്ധതി കരാർ റിസ്ക് ആൻഡ് കോസ്റ്റിൽ ടെർമിനേറ്റ് ചെയ്തു. ബാക്കി പ്രവർത്തികൾക്കുള്ള എസ്റ്റിമേറ്റ് ലഭ്യമാക്കി സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ പുരോഗതിയിലാണ്. |

**2)** ഉമയനല്ലൂർ-കല്ലുവെട്ടാംകുഴി-താഹ- കരിക്കോട്-കേരളപുരം റോഡ് പദ്ധതിക്കായി 20 കോടി രൂപയുടെ ഭരണാനുമതിയും 36.1 കോടി രൂപയുടെ സാമ്പത്തികാനുമതിയും നൽകിയിട്ടുണ്ട്. ടി പദ്ധതി 19/09/2018- ൽ എഗ്രിമെന്റ് വയ്ക്കുകയും 27/09/2018-ൽ സൈറ്റ് ഹാൻഡ് ഓവർ ചെയ്തിട്ടുള്ളതുമാണ്. ഈ പ്രവർത്തിയുടെ കാലാവധി 24 മാസം ആയിരുന്നു എന്നാൽ ശക്തമായ മഴ, കോവിഡ് വ്യാപനം, KWA യുടെ പൈപ്പ് ഇടീൽ, KSEB പോസ്റ്റ് മാറ്റൽ തുടങ്ങിയ കാരണങ്ങളാൽ പണി പൂർത്തിയാക്കുന്നതിന് കാലതാമസം ഉണ്ടായി. പ്രസ്തുത പ്രവർത്തി 3 ഘട്ടങ്ങളായി 30.09.2022 വരെ നീട്ടി നൽകിയിട്ടുണ്ട്. നിലവിൽ 71 % പണി പൂർത്തീകരിച്ചിട്ടുണ്ട്.

**3)** ഇളവൂർ പാലം പ്രവൃത്തിക്കായി 15 കോടി രൂപയുടെ ഭരണാനുമതി തുകയും 9.58 കോടി രൂപയുടെ സാമ്പത്തികാനുമതിയും നൽകിയിട്ടുണ്ട്. ഈ പ്രവർത്തിക്കു 23.02.2021 ൽ 5.63 കോടി രൂപയുടെ സാങ്കേതികാനുമതി നൽകി 26.02.2021 ൽ ടെൻഡർ ചെയ്തിരുന്നുവെങ്കിലും തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം പ്രാബല്യത്തിൽ വന്നതിനാൽ ടെൻഡറിന്റെ ബിഡ് തുറക്കുന്ന 20.06.2021 വരെ തീയതി ദീർഘിപ്പിച്ചിരുന്നു. എന്നാൽ ആരും പങ്കെടുക്കാത്തതിനാൽ 30.07.2021 ൽ റീടെൻഡർ ചെയ്തിരുന്നു. ഈ ടെൻഡറിൽ ഒരാൾ പങ്കെടുത്തുവെങ്കിലും ക്വാട്ട് ചെയ്ത തുക കൂടിയതിനാൽ ടെൻഡർ അപ്രൂവൽ കമ്മിറ്റി റീടെൻഡർ ചെയ്യുവാനായി നിർദ്ദേശിച്ചു, പി.ഡബ്ല്യൂഡി യിൽ പുതിയ റേറ്റ് റിവിഷൻ പ്രാബല്യത്തിൽ വന്നതിനാൽ ഈ വർക്കിന്റെ എസ്റ്റിമേറ്റ് 2018 DSR പ്രകാരം പുതുക്കി 25.04.2022 ൽ പുതുക്കിയ സാങ്കേതികാനുമതി നൽകി രണ്ടു പ്രാവശ്യം ടെൻഡർ ചെയ്തിരുന്നു. എന്നാൽ ഈ ഘട്ടത്തിലും ആരും ടെൻഡറിൽ പങ്കെടുക്കാത്തതിനെ തുടർന്ന് നിലവിൽ റീ ടെൻഡർ ചെയ്തിരിക്കുകയാണ്. ടെൻഡർ തുറക്കുന്ന തീയതി 19.07.2022.

**4)** കണ്ണനല്ലൂർ ജംഗ്ഷൻ വികസനം പ്രവൃത്തിക്കായി 21 കോടി രൂപയുടെ ഭരണാനുമതിയും 28.4 കോടി രൂപയുടെ സാമ്പത്തികാനുമതിയും നൽകിയിരുന്നു. നിലവിൽ ടി പദ്ധതിയുടെ സ്ഥലമേറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു. സ്ഥലം ഏറ്റെടുക്കലിന്റെ ഭാഗമായി 11(1) നോട്ടിഫിക്കേഷൻ 17.01.2022 ന് പ്രസിദ്ധീകരിച്ചിട്ടുണ്ട്

| | | | |
|---|---|---|---|
| | | | **5)** കോയിക്കൽ മുതൽ കരിക്കോട് ജംഗ്ഷൻ വരെ നാലുവരിയായി വീതികൂട്ടൽ, കുണ്ടറ പള്ളിമുക്കിലെ നാലുവരി മേൽപ്പാലവും RoBയും എന്ന പ്രവൃത്തിക്ക് 447.15 കോടി രൂപയുടെ തത്ത്വത്തിലുള്ള ഭരണാനുതി നൽകിയിട്ടുണ്ട്. തുടർന്ന് പദ്ധതി ഭാഗങ്ങളിലെ ഇൻവെസ്റ്റിഗേഷൻ നടത്തിയിരുന്നു. ഈ വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ (2022-23) ഉൾപ്പെട്ടിട്ടുള്ള 'Development of Thiruvananthapuram Angamali MC Road & Kollam Chengotta Road' എന്ന പദ്ധതിയിൽ ഈ പദ്ധതിയിലെ ഭാഗങ്ങളും ഉൾപ്പെട്ടു വരുന്നതിനാൽ, പ്രസ്തുത റോഡുമായി ബന്ധപ്പെട്ട് ദേശീയ പാത വിഭാഗത്തിൽനിന്നും നടത്തിയിട്ടുള്ള ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് കെ.ആർ.എഫ്.ബി - പി.എം.യു ശേഖരിച്ച് പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിഭാഗത്തിന് കൈമാറി ഡിസൈൻ നടപടികൾ പുരോഗമിച്ചു വരുന്നു.<br><br>ദേശീയപാത വിഭാഗത്തിനുകീഴിൽ FDR-2018-19 NH 183- Raising and construction of side drain and covering slab near Thevally (Ch:1/240)-Mathilil (Ch: 1/850)- Nanthirikkal(Ch:12/780)-Katcherimukku(Ch: 14/300)-Kanjirakkode (Ch:15/300) and Moonnumukku (Ch: 21/200) എന്ന പ്രവൃത്തിക്ക് 24.98 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കോൺട്രാക്ടർ പ്രവർത്തി ചെയ്യുവാൻ തയ്യാറാകാത്തതിനാൽ ടിയാനെ പ്രവർത്തി ചെയ്യുന്നതിൽ നിന്ന് നീക്കം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. |
| (ബി) | പ്രസ്തുത പ്രവൃത്തികൾ നിശ്ചയിച്ച കാലപരിധിക്കുള്ളിൽ പൂർത്തീകരിക്കാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കാമോ? | (ബി) | പൊതുമരാമത്ത് കെട്ടിട വിഭാഗത്തിനു കീഴിൽ കുണ്ടറ മണ്ഡലത്തിലെ കേരളപുരം ഗവ.എച്ച്.എസ്സിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഒരു കോടി രൂപ 2016-17 ലെ ആസ്തി വികസന പദ്ധതിയിൽ നിന്നും അനുവദിച്ചിരുന്നു. 24/10/2017-ൽ കരാറുകാരനുമായി എഗ്രിമെന്റ് വെച്ചിട്ടുള്ളതുമാണ്. എന്നാൽ വേണ്ടത്ര സ്ഥലം ലഭ്യമാകാത്തതിനാൽ കരാറുകാരനുമായി ക്ലോഷർ എഗ്രിമെന്റ് ചെയ്ത് ടി പ്രവൃത്തി ക്യാൻസൽ ചെയ്യുകയായിരുന്നു.<br><br>2016-17 സാമ്പത്തിക വർഷം കുണ്ടറ മണ്ഡലത്തിലെ താഴെപറയുന്ന കിഫ്ബി പ്രവൃത്തികൾക്ക് അനുമതി നൽകിയിട്ടുണ്ട്.<br><br>**1)** കുണ്ടറ-ചിറ്റുമല-ഇടിയക്കടവ്-കരുർ തൃക്കടവ്-മൺട്രോതുരുത്ത് റെയിൽവേ സ്റ്റേഷൻ റോഡ് പ്രവൃത്തിക്ക് 15 കോടിയുടെ ഭരണാനുമതിയും 25.8 |

കോടി രൂപയുടെ സാമ്പത്തികാനുമതിയും നൽകിയിട്ടുണ്ട്. ടി പദ്ധതി 24/05/2018- ൽ എഗ്രിമെന്റ് വച്ച് സൈറ്റ് ഹാൻഡ് ഓവർ ചെയ്തിട്ടുള്ളതാണ്. സ്ഥലം ലഭ്യമാക്കുന്നതിലെ കാലതാമസവും, കേരള വാട്ടർ അതോറിറ്റിയുടെ (KWA) പൈപ്പ് ലൈൻ സ്ഥാപിക്കലും കാരണം പ്രവർത്തിയിൽ കാലതാമസം നേരിടുകയും പദ്ധതി കാലാവധി നീട്ടി നല്കുകയും ചെയ്തു. എന്നാൽ നീട്ടി നൽകിയ കാലാവധിക്കുള്ളിൽ പദ്ധതി പൂർത്തിയാക്കുന്നതിൽ കരാറുകാരൻ വീഴ്ച വരുത്തിയതിനാൽ 24/05/2022- ൽ പദ്ധതി കരാർ റിസ്ക് ആൻഡ് കോസ്റ്റിൽ ടെർമിനേറ്റ് ചെയ്തു. ബാക്കി പ്രവർത്തികൾക്കുള്ള എസ്റ്റിമേറ്റ് ലഭ്യമാക്കി സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ പുരോഗതിയിലാണ്.

**2)** ഉമയനല്ലൂർ-കല്ലുവെട്ടാംകുഴി-താഹ- കരിക്കോട്-കേരളപുരം റോഡ് പദ്ധതിക്കായി 20 കോടി രൂപയുടെ ഭരണാനുമതിയും 36.1 കോടി രൂപയുടെ സാമ്പത്തികാനുമതിയും നൽകിയിട്ടുണ്ട്. ടി പദ്ധതി 19/09/2018- ൽ എഗ്രിമെന്റ് വയ്ക്കുകയും 27/09/2018-ൽ സൈറ്റ് ഹാൻഡ് ഓവർ ചെയ്തിട്ടുള്ളതുമാണ്. ഈ പ്രവർത്തിയുടെ കാലാവധി 24 മാസം ആയിരുന്നു എന്നാൽ ശക്തമായ മഴ, കോവിഡ് വ്യാപനം, KWA യുടെ പൈപ്പ് ഇടീൽ, KSEB പോസ്റ്റ് മാറ്റൽ തുടങ്ങിയ കാരണങ്ങളാൽ പണി പൂർത്തിയാക്കുന്നതിന് കാലതാമസം ഉണ്ടായി. പ്രസ്തുത പ്രവർത്തി 3 ഘട്ടങ്ങളായി 30.09.2022 വരെ നീട്ടി നൽകിയിട്ടുണ്ട്. നിലവിൽ 71 % പണി പൂർത്തീകരിച്ചിട്ടുണ്ട്.

**3)** ഇളവൂർ പാലം പ്രവൃത്തിക്കായി 15 കോടി രൂപയുടെ ഭരണാനുമതി തുകയും 9.58 കോടി രൂപയുടെ സാമ്പത്തികാനുമതിയും നൽകിയിട്ടുണ്ട്. ഈ പ്രവർത്തിക്കു 23.02.2021 ൽ 5.63 കോടി രൂപയുടെ സാങ്കേതികാനുമതി നൽകി 26.02.2021 ൽ ടെൻഡർ ചെയ്തിരുന്നുവെങ്കിലും തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം പ്രാബല്യത്തിൽ വന്നതിനാൽ ടെൻഡറിന്റെ ബിഡ് തുറക്കുന്ന 20.06.2021 വരെ തീയതി ദീർഘിപ്പിച്ചിരുന്നു. എന്നാൽ ആരും പങ്കെടുക്കാത്തതിനാൽ 30.07.2021 ൽ റീടെൻഡർ ചെയ്തിരുന്നു. ഈ ടെൻഡറിൽ ഒരാൾ പങ്കെടുത്തുവെങ്കിലും ക്വാട്ട് ചെയ്ത തുക കൂടിയതിനാൽ ടെൻഡർ അപ്രൂവൽ കമ്മിറ്റി റീടെൻഡർ ചെയ്യുവാനായി നിർദ്ദേശിച്ചു, പി.ഡബ്ല്യൂഡി യിൽ പുതിയ റേറ്റ് റിവിഷൻ പ്രാബല്യത്തിൽ വന്നതിനാൽ ഈ വർക്കിന്റെ എസ്റ്റിമേറ്റ് 2018 DSR പ്രകാരം

| | | | |
|---|---|---|---|
| | | | പുതുക്കി 25.04.2022 ൽ പുതുക്കിയ സാങ്കേതികാനുമതി നൽകി രണ്ടു പ്രാവശ്യം ടെൻഡർ ചെയ്തിരുന്നു. എന്നാൽ ഈ ഘട്ടത്തിലും ആരും ടെൻഡറിൽ പങ്കെടുക്കാത്തതിനെ തുടർന്ന് നിലവിൽ റീ ടെൻഡർ ചെയ്തിരിക്കുകയാണ്. ടെൻഡർ തുറക്കുന്ന തീയതി 19.07.2022.<br><br>**4)** കണ്ണനല്ലൂർ ജംഗ്ഷൻ വികസനം പ്രവൃത്തിക്കായി 21 കോടി രൂപയുടെ ഭരണാനുമതിയും 28.4 കോടി രൂപയുടെ സാമ്പത്തികാനുമതിയും നൽകിയിരുന്നു. നിലവിൽ ടി പദ്ധതിയുടെ സ്ഥലമേറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു. സ്ഥലം ഏറ്റെടുക്കലിന്റെ ഭാഗമായി 11(1) നോട്ടിഫിക്കേഷൻ 17.01.2022 ന് പ്രസിദ്ധീകരിച്ചിട്ടുണ്ട്<br><br>**5)** കോയിക്കൽ മുതൽ കരിക്കോട് ജംഗ്ഷൻ വരെ നാലുവരിയായി വീതികൂട്ടൽ, കുണ്ടറ പള്ളിമുക്കിലെ നാലുവരി മേൽപ്പാലവും RoBയും എന്ന പ്രവൃത്തിക്ക് 447.15 കോടി രൂപയുടെ തത്ത്വത്തിലുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. തുടർന്ന് പദ്ധതി ഭാഗങ്ങളിലെ ഇൻവെസ്റ്റിഗേഷൻ നടത്തിയിരുന്നു. ഈ വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ (2022-23) ഉൾപ്പെട്ടിട്ടുള്ള 'Development of Thiruvananthapuram Angamali MC Road & Kollam Chengotta Road' എന്ന പദ്ധതിയിൽ ഈ പദ്ധതിയിലെ ഭാഗങ്ങളും ഉൾപ്പെട്ടു വരുന്നതിനാൽ, പ്രസ്തുത റോഡുമായി ബന്ധപ്പെട്ട് ദേശീയ പാത വിഭാഗത്തിൽനിന്നും നടത്തിയിട്ടുള്ള ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് കെ.ആർ.എഫ്.ബി - പി.എം.യു ശേഖരിച്ച് പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിഭാഗത്തിന് കൈമാറി ഡിസൈൻ നടപടികൾ പുരോഗമിച്ചു വരുന്നു.<br><br>ദേശീയപാത വിഭാഗത്തിനുകീഴിൽ FDR-2018-19 NH 183- Raising and construction of side drain and covering slab near Thevally (Ch:1/240)- Mathilil (Ch: 1/850)- Nanthirikkal(Ch:12/780)- Katcherimukku(Ch: 14/300)-Kanjirakkode (Ch:15/300) and Moonnumukku (Ch: 21/200) എന്ന പ്രവൃത്തിക്ക് 24.98 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കോൺട്രാക്ടർ പ്രവർത്തി ചെയ്യുവാൻ തയ്യാറാകാത്തതിനാൽ ടിയാനെ പ്രവർത്തി ചെയ്യുന്നതിൽ നിന്ന് നീക്കം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ